## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 352 — 10/4/2013 - ൽ മറുപടിയ്ക്ക്

# കാർഷികോല്പന്നങ്ങളുടെ വിലസ്ഥിരത

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ഇ.പി.ജയരാജൻ<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കെ.രാധാകൃഷ്ണൻ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) എല്ലാ കാർഷികോല്പന്നങ്ങളുടെയും വിലസ്ഥിരത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) കാർഷികോല്പ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കാൻ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>പ്രധാനപ്പെട്ട വിളയായ നെല്ലിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ലു സംഭരണം നടപ്പിലാക്കി വരുന്നു. നാളീകേരത്തിന്റെ വിലസ്ഥിരതയ്ക്കായി, കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്രസംഭരണം നടപ്പിലാക്കുന്നതിന് പുറമെ സംസ്ഥാന സർക്കാർ കൃഷി ഭവനിലൂടെ പച്ചനാളീകേര സംഭരണവും നടപ്പിലാക്കുന്നു. ഇതിന് പുറമേ ഹോർട്ടിക്കോർപ്പ്, വി.എഫ്.പി.സി.കെ, കൃഷി വകുപ്പിൻ കീഴിലുള്ള മൊത്ത വ്യാപാര വിപണികൾ എന്നിവ പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും വിലസ്ഥിരത ഉറപ്പാക്കുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പ് മുഖേന |

ടി പദ്ധതികൾക്ക് കൃഷി വകുപ്പിൽ നിന്നും 25% സബ്സിഡി, (പരമാവധി 25 ലക്ഷം രൂപ) നൽകുന്ന പദ്ധതി സ്മാൾ ഫാർമേഴ്സ്-അഗ്രി-ബിസിനസ്സ് കൺസോർഷ്യം മുഖേന നടപ്പിലാക്കുന്നുണ്ട്. ഇതിന് പുറമേ ചെറുകിട നാമമാത്ര കർഷകർക്ക് സബ്സിഡിയോടു കൂടി പഴം, പച്ചക്കറികൾ സുഗന്ധ-വ്യഞ്ജനങ്ങളുടെ മൂല്യവർദ്ധനവിനുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപണനം ശക്തിപ്പെടുത്തുന്നതിനും എസ്.എഫ്.എ.സി. മുഖാന്തിരം 425 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കു-ന്നുണ്ട്. പഴം, പച്ചക്കറി തുടങ്ങിയവയുടെ മൂല്യവർദ്ധന വിനുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതി കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് , കോന്നിയും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യവും സംയുക്തമായി നടപ്പിലാക്കുന്നതിന് 25 ലക്ഷം രൂപ 2012-ൽ അനുവദിച്ചിട്ടുണ്ട്. മരച്ചീനിയുടെ മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു കോടി രൂപ സി. റ്റി. സി. ആർ. ഐ, തിരുവനന്തപുരത്ത് 2012-13 ൽ അനുവദിച്ചിട്ടുണ്ട്. ടെക്നോ ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനാണ് ടി തുക ഉപയോഗിക്കുന്നത്. ചക്കയുടെ മൂല്യവർദ്ധന വുമായി ബന്ധപ്പെട്ട് പ്രൈമറി പ്രോസസ്സിംഗ് ഹബ്ബ്

നടപ്പിലാക്കുന്ന കമ്മോഡിറ്റി സേഫ്റ്റി നെറ്റ്പദ്ധതി പ്രകാരം കുരുമുളക്, ഏലം, അടയ്ക്ക, ഇഞ്ചി, കാപ്പി എന്നീ വിളകൾക്ക് വിലയിടിവിന് പരിഹാരമായി സഹായധനം നൽകുന്നുണ്ട്.

(ബി) കൃഷിക്കാർക്ക് എത്ര ശതമാനം ലാഭം ഉറപ്പാക്കിക്കൊണ്ടുള്ള താങ്ങു വിലയാണ് ഓരോ ഉല്പന്നങ്ങളുടെയും കാര്യത്തിൽ ഉറപ്പാക്കാൻ സാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ഉല്പ്പന്നങ്ങളുടേയും കാര്യത്തിൽ കൃഷിക്കാർക്ക് ലാഭം ലഭിക്കത്തക്ക വിലയാണ് ഉറപ്പാക്കുന്നത്.

(സി) ഏതെങ്കിലും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യയുടെ വ്യാപനം ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം സാങ്കേതിക വിദ്യയുടെ വ്യാപനത്തിനും വിപണന സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാമോ?

(സി) & (ഡി) കാർഷികോല്പ്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യയുടെ വ്യാപനത്തിനും വിപണന സംവിധാനം ശക്തിപ്പെടുത്തുന്നതിനും സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിലൂടെ നടപ്പിലാക്കുന്ന നാളീകേര ടെക്നോളജി മിഷൻ പദ്ധതിയിലൂടെ കേര കർഷകർക്ക് നാളീകേരത്തിന്റെ മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾ തുടങ്ങാൻ അവസരങ്ങൾ ഒരുക്കുകയും അവയ്ക്ക് വിപണി കണ്ടെത്തുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനും ലക്ഷ്യമിട്ടിരിക്കുകയാണ്. പദ്ധതി പ്രകാരം യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ എന്ന കണക്കിൽ സഹായം നൽകും.

സ്ഥാപിക്കുന്നതിന് CARD കൃഷി വിഞ്ജാൻ കേന്ദ്രം പത്തനംതിട്ടയ്ക്ക് 52.55 ലക്ഷം രൂപയും 2012-13 ൽ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ